**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3509** **15-02-2024 - ൽ മറുപടിയ്ക്ക്**

**മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് താലൂക്കിൽ താഴെക്കോട് വില്ലേജിൽ മംഗലശ്ശേരി തോട്ടം നിവാസികൾക്ക് ഭൂമിക്ക് കൈവശാവകാശരേഖ നൽകുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് താലൂക്കിൽ താഴെക്കോട് വില്ലേജിൽ മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് വനം വകുപ്പ് തടസ്സവാദം ഉന്നയിക്കുകയും പ്രസ്തുത സ്ഥലത്തിന് പകരം ഭൂമി ആവശ്യപ്പെടുകയും ചെയ്തു. ആയത് കണ്ടെത്തി പകരം ഭൂമി നൽകുന്ന നടപടികൾ സ്വീകരിക്കേണ്ടി വന്നതിനാലാണ് കൈവശാവകാശരേഖ നൽകുന്നതിന് കാലതാമസം നേരിട്ടത്. |
| (ബി) | അവർക്ക് ഭൂമി സംബന്ധമായ രേഖകൾ നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (ബി) | റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചപ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ ടി വിഷയവുമായി ബന്ധപ്പെട്ട പഴയ ഫയലുകൾ കണ്ടെത്താൻ നടപടി സ്വീകരിക്കുകയും ആയതുപ്രകാരം മേഖലാ ആർക്കൈവ്സ്, കോഴിക്കോട് ഓഫീസിൽ നടത്തിയ പരിശോധനയിൽ R.Dis ആയി തീർപ്പാക്കിയ ഫയൽ കണ്ടെത്തിയിട്ടുള്ളതാണ്. ആയത് പരി ശോധിച്ചതിൽ കോഴിക്കോട് സ്പെഷ്യൽ തഹസിൽദാരുടെ ഉത്തരവ് പ്രകാരം 1980-ൽ 243 പേർക്ക് 10 സെന്റ് വീതം പതിച്ചു നൽകുകയും 1980 ആഗസ്റ്റ് 16-ന് നടന്ന പട്ടയമേളയിൽ പട്ടയ വിതരണം നടക്കുകയുമുണ്ടായെന്ന് കണ്ടെത്തി. ആർക്കൈവ്സിൽ നിന്നും കണ്ടെത്തിയ 16764/79--ാം നമ്പർ ഫയൽ പരിശോധിച്ചതിൽ നിന്നും 25.84 ഏക്കർ റിസർവ്ഡ് ഫോറസ്റ്റ് 1972- ലെ സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതായും, കേരളാ ആരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസ് 1970 പ്രകാരം ആണ് ടി ഭൂമി പതിച്ചു നൽകിയതെന്നും കാണുന്നു. എന്നാൽ പട്ടയം ലഭിച്ചവരുടെ അർഹത സംബന്ധിച്ച് ചില തർക്കങ്ങൾ ഉണ്ടായ സാഹചര്യത്തിൽ വിതരണം ചെയ്തതിൽ ഏറിയപങ്ക് പട്ടയവും 2013 ൽ സർക്കാർ റദ്ദ് ചെയ്തിട്ടുള്ളതാണ്. നിലവിൽ ടി ഭൂമി റവന്യൂ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | കൈവശത്തിലാണ്. ഈ വിഷയത്തിൽ കോഴിക്കോട് ജില്ലാ കളക്ടറേറ്റിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതും ഈ വിഷയം സംസ്ഥാന പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നടപടി സ്വീകരിച്ചുവരുന്നതുമാണ്. ടി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | അവർക്ക് എപ്പോൾ പട്ടയം വിതരണം ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചപ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ ടി വിഷയവുമായി ബന്ധപ്പെട്ട പഴയ ഫയലുകൾ കണ്ടെത്താൻ നടപടി സ്വീകരിക്കുകയും ആയതുപ്രകാരം മേഖലാ ആർക്കൈവ്സ്, കോഴിക്കോട് ഓഫീസിൽ നടത്തിയ പരിശോധനയിൽ R.Dis ആയി തീർപ്പാക്കിയ ഫയൽ കണ്ടെത്തിയിട്ടുള്ളതാണ്. ആയത് പരി ശോധിച്ചതിൽ കോഴിക്കോട് സ്പെഷ്യൽ തഹസിൽദാരുടെ ഉത്തരവ് പ്രകാരം 1980-ൽ 243 പേർക്ക് 10 സെന്റ് വീതം പതിച്ചു നൽകുകയും 1980 ആഗസ്റ്റ് 16-ന് നടന്ന പട്ടയമേളയിൽ പട്ടയ വിതരണം നടക്കുകയുമുണ്ടായെന്ന് കണ്ടെത്തി. ആർക്കൈവ്സിൽ നിന്നും കണ്ടെത്തിയ 16764/79--ാം നമ്പർ ഫയൽ പരിശോധിച്ചതിൽ നിന്നും 25.84 ഏക്കർ റിസർവ്ഡ് ഫോറസ്റ്റ് 1972- ലെ സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതായും, കേരളാ ആരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെൻറ് റൂൾസ് 1970 പ്രകാരം ആണ് ടി ഭൂമി പതിച്ചു നൽകിയതെന്നും കാണുന്നു. എന്നാൽ പട്ടയം ലഭിച്ചവരുടെ അർഹത സംബന്ധിച്ച് ചില തർക്കങ്ങൾ ഉണ്ടായ സാഹചര്യത്തിൽ വിതരണം ചെയ്തതിൽ ഏറിയപങ്ക് പട്ടയവും 2013 ൽ സർക്കാർ റദ്ദ് ചെയ്തിട്ടുള്ളതാണ്. നിലവിൽ ടി ഭൂമി റവന്യൂ വകുപ്പിന്റെ കൈവശത്തിലാണ്. ഈ വിഷയത്തിൽ കോഴിക്കോട് ജില്ലാ കളക്ടറേറ്റിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതും ഈ വിഷയം സംസ്ഥാന പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നടപടി സ്വീകരിച്ചുവരുന്നതുമാണ്. ടി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ